# കാർഷിക കാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ala-46/2025** *മകയിരം ഞാറ്റുവേല* **തീയതി: 10.06.2025 ഇടവം 27**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (05/06/25- 09/06/25) | കാലാവസ്ഥ പ്രവചനം (11/06/25-15/06/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 33.8 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 24.6 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 75 -നും 95 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 5 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 32.8 മില്ലി മീറ്റർ മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ അടുത്ത മൂന്നു ദിവസം നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. അഞ്ചു ദിവസം തുടർന്നുള്ള രണ്ടു ദിവസം സാമാന്യം ശക്തമായ മഴ പ്രതീക്ഷിക്കുന്നു. 3 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. പരമാവധി താപനില 31⁰C ഉം കുറഞ്ഞ താപനില 24⁰C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 72% നും 95% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3-കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വെള്ളക്കെട്ടു മൂലം വേരുകൾക്ക് ക്ഷതം നേരിട്ട ചെടികളുടെ കരുത്ത് വീണ്ടെടുക്കാൻ 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തെളി ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നത് ഒരു പരിധി വരെ ഫലപ്രദമാണ്. 19:19:19 ഉപയോഗിച്ചുള്ള പത്ര പോഷണവും ചെടിയുടെ വളർച്ചയെ ത്വരിതപ്പെടുത്തും. |
| **തെങ്ങ്** | വിളവെടുപ്പ് | തെങ്ങിന്റെ കൂമ്പുചീയൽ നിയന്ത്രിക്കാൻ മാങ്കോസെബ് 2 ഗ്രാം ചെറിയ ദ്വാരമുള്ള കവറുകളിലാക്കി ഒലക്കവിളുകളുടെ സമീപത്തു വയ്ക്കാവുന്നതാണ്. മഴവെള്ളത്തിൽ ഈ കുമിൾ നാശിനി ഒലിച്ചിറങ്ങി തെങ്ങുകൾക്കു സംരക്ഷണമാകും. |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയിൽ ഇല തീനി പുഴുക്കൾക്കെതിരെ ഫ്ലുബെൻഡാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. |
| കിഴങ്ങ് വർഗ്ഗ വിളകൾ | നടീൽ | ചേമ്പ് നടാൻ പറ്റിയ സമയമാണ്. ശ്രീ രശ്മി, ശ്രീ പല്ലവി, ശ്രീകിരൺ എന്നീ ഇനങ്ങൾ നടാൻ തിരഞ്ഞെടുക്കാം. 35 ഗ്രാം തൂക്കം വരുന്ന പിള്ള ചെമ്പുകൾ വേണം നടാൻ ഉപയോഗിക്കാൻ. വരമ്പുകളിൽ നടുമ്പോൾ 2 ചെമ്പുകൾ തമ്മിൽ 45 സെന്റിമീറ്റർ |
| **പടവലം** | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ പടവലത്തിൽ ഇലചുരുട്ടിപുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന്സാധ്യതയുണ്ട് |